LIBRARY ARCHIVES Kerala Legislative Assembly

കൈത്തറി വ്യവസായത്തിന്റെ യഥാർത്ഥ സ്ഥിതിയെക്കുറിച്ച് വിലയിരുത്തുന്നതിനും പുനരുദ്ധാരണ തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനുമായി നടത്തിയ സർവ്വെ

42 [1181] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി വ്യവസായത്തിന്റെ യഥാർത്ഥ സ്ഥിതിയെക്കുറിച്ച് വിലയിരുത്തുന്നതിനും പുനരുദ്ധാരണ തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും വേണ്ടി സർവ്വെ നടത്തുകയുണ്ടായിട്ടുണ്ടോ;

(ബി) ഈ സർവ്വെപ്രകാരം ലഭിച്ച വിവരങ്ങളും അതിന്റെ അടിസ്ഥാനത്തിൽ കൈക്കൊണ്ട തുടർ നടപടികളും സംബന്ധിച്ചുള്ള വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സർവ്വെ നടത്തിവരുന്നു.

(ബി) സർവ്വെ പൂർത്തിയായിട്ടില്ല.

അക്ഷയ പരിപാടി വ്യാപിപ്പിക്കുവാൻ നടപടി

43 [1182] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അക്ഷയ പരിപാടി മലബാറിലെ എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

മലപ്പുറം ജില്ലയിൽ വിജയകരമായി നടപ്പിലാക്കിവരുന്ന ഡിജിറ്റൽ അസമത്വം പരിഹരിക്കുന്നതിനുദ്ദേശിച്ചുകൊണ്ടുള്ള 'അക്ഷയ' പദ്ധതി (Bridging the Digital Divide Project) സംസ്ഥാനത്ത് എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇപ്രകാരം 'അക്ഷയ' പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കപ്പെടുമ്പോൾ മലബാർ പ്രദേശം ഉൾക്കൊള്ളുന്ന ജില്ലകളിലും ഈ പദ്ധതി നടപ്പിൽ വരുന്നതായിരിക്കും.

വൃദ്ധജന ക്ഷേമ പ്രവർത്തനങ്ങൾ

44 [1183] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജനസംഖ്യയിൽ വൃദ്ധജനങ്ങളുടെ ശതമാനം എത്ര യാണെന്നറിയിക്കാമോ;